അഭിമുഖം

●

ജസ്റ്റിസ് സുകുമാരൻ/ഷറഫുല്ലാ ഖാൻ

# 'മതംമാറ്റ പ്രശ്നം സ്ഥാപിത താൽപര്യക്കാർ ആളിക്കത്തിക്കുന്നു'

■ *ഇന്ത്യൻ ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പുകളിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ. എന്താണ് അതിന്റെ യഥാർഥ വ്യാഖ്യാനം?*

പൗരന്മാർക്ക് നമ്മുടെ ഭരണഘടന പൂർണ സ്വാതന്ത്ര്യമാണ് നൽകിയിട്ടുള്ളത്. 'സ്വാതന്ത്ര്യം' എന്ത് എന്നതിന് പല വ്യാഖ്യാനങ്ങളും ഉണ്ടാകാം. ഒരു പ്രത്യേക സംഭവത്തെ അടിസ്ഥാനമാക്കി സ്വാതന്ത്ര്യത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. അത് ശരിയല്ല. ഒരു വ്യക്തിക്ക് 'തന്റെ സ്വാതന്ത്ര്യം' ഹനിക്കപ്പെടുന്നതായി തോന്നിയേക്കാം, അത് വ്യക്തിപരം മാത്രമാണ്. 'പൊതുവായ സ്വാതന്ത്ര്യ'ത്തിന്റെ നിർവചനത്തിൽ അവ പെടാറില്ല. മതസ്വാതന്ത്ര്യം എന്നത് മനുഷ്യാവകാശമാണ്. ഇംഗ്ലണ്ടിലെ നിയമനിർമാണസഭയുടെ മാതൃകയും കൂടി പിന്തുടർന്നാണ് മതസ്വാതന്ത്ര്യമെന്നത് ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. മതസ്വാതന്ത്ര്യത്തിന്റെ നിർവചനത്തിൽ എന്തൊക്കെ അനുവദനീയമാണ് എന്നതാണ് വിഷയം. എല്ലാവരും മതസ്വാതന്ത്ര്യം സംരക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണെന്നും മനസ്സിലാക്കേണ്ടതുണ്ട്.

പ്രചരിപ്പിക്കുക എന്ന പദത്തിന് അതിവിശാലമായ അർഥം കൽപിക്കുന്നത് (നിർബന്ധത്തിന്റെയും പ്രലോഭനത്തിന്റെയും പ്രയോഗം കൂടി പ്രചാരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നത്) അനുവദനീയമല്ലെന്ന സുപ്രീംകോടതി വിധി പ്രഖ്യാപനം വന്നതോടുകൂടി മതപ്രചാരകരുടെ പ്രവർത്തനശൈലിയിൽ കുറെ മാറ്റങ്ങൾ ഉണ്ടായി എന്നതും വസ്തുതയാണ്.

■ *സംഘ്പരിവാർ പറയുന്നതുപോലുള്ള മതസ്വാതന്ത്ര്യത്തിന്റെ ലംഘനം ഒറീസയിലും മധ്യപ്രദേശിലും കർണാടകയിലും നടക്കുന്നുണ്ടോ?*

ഒരു വിഭാഗത്തിന്റെ പരിധിയിൽക വിഞ്ഞ മതവിശ്വാസം മറു വിഭാഗത്തിന്റെ എതിർപ്പിന് ഇടയാക്കാറുണ്ട്. പലപ്പോഴും ഇത് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന എതിർപ്പുകളാവാം. സമൂഹത്തിന്റെ വളരെ താഴെക്കിടയിലുള്ള തങ്ങളുടെ സഹോദരന്മാരോട് കരുണ കാണിക്കാൻ പോലും തയാറാകാത്ത ഉന്നത വർഗക്കാർ മതപരിവർത്തനത്തിന്റെ പേരു പറഞ്ഞ് മനുഷ്യസ്നേഹ പ്രവർത്തനങ്ങളെയും ആക്രമിക്കാൻ തുടങ്ങി. മതപ്രവർത്തനത്തിനായി പുറമെ നിന്നുള്ള സംഭാവനകൾ സ്വീകരിക്കുന്നു എന്ന യാഥാർഥ്യം നിലനിൽക്കുമ്പോൾ പോലും എല്ലാ കാര്യങ്ങളും സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന സമീപനത്തിൽ ഈ ഉന്നത വർഗക്കാർ എത്തുന്നു. ഇങ്ങനെ വൈരുധ്യാത്മക പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാവുമ്പോൾ മതമൈത്രിയിലും അസന്തുലിതാവസ്ഥ സംജാതമാകുന്നു. ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അത് നിയന്ത്രിക്കാനാവാത്ത വർഗീയാക്രമണമായി രൂപപ്പെടും. അതിനെ മനഃപൂർവം ആളിക്കത്തിക്കാൻ ചില സ്ഥാപിത താൽപര്യക്കാർ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നു. ആ പ്രവർത്തനങ്ങളുടെ രാക്ഷസീയ ഭാവമാണ് ഈ അടുത്തുണ്ടായ ദുഃഖാനുഭവങ്ങൾക്ക് ഇടവരുത്തിയത്.



**വർഗീയത പടരാതിരിക്കുക എന്നത് ഉറപ്പുവരുത്തേണ്ടത് സർക്കാർ–ഉദ്യോഗസ്ഥ വൃന്ദമാണ്. സർക്കാർ ഉണർന്നു പ്രവർത്തിക്കുന്ന സ്ഥിതി സംജാതമാകണം. മതവികാരത്തിന് ഏൽക്കുന്ന മുറിവ് ഇല്ലാതാക്കാനും സർക്കാരാണ് ശ്രദ്ധിക്കേണ്ടത്. ഒറീസയിൽ സംസ്ഥാന സർക്കാർ നീതിയുക്തമായി പെരുമാറണം. ഇല്ലെങ്കിൽ കേന്ദ്ര സർക്കാറിന് ഇടപെടാം.**

■ *ഒറീസയിലെ സംഭവവികാസങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെക്കു*

*റിച്ച് അപകടസൂചനകളല്ലേ നൽകുന്നത്?*

രാജ്യത്തെ ജനങ്ങളുടെ സമാധാനപരമായ ജീവിതത്തിനാണ് മതസ്വാതന്ത്ര്യം ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്പോഴത്തെ സംഭവവികാസങ്ങൾ ജനാധിപത്യത്തിന്റെ ഭാവിയാണ് തകർക്കുന്നതെന്നറിഞ്ഞിട്ടും നാം ആകുലപ്പെടുന്നില്ല എന്നതാണ് വസ്തുത.

■ *മതപരിവർത്തനത്തിന്റെ മറപിടിച്ചുകൊണ്ടുള്ള വർഗീയശക്തികളുടെ അഴിഞ്ഞാട്ടം തടയാൻ ജുഡീഷ്യറിക്ക് എന്തു ചെയ്യാനാവും?*

വർഗീയ സംഘർഷങ്ങൾ പ്രതിരോധിക്കാൻ സാംസ്കാരികമായി ഔന്നത്യമുള്ളവരുടെ കൂട്ടായ്മയാണ് ആവശ്യം. വർഗീയ സംഘർഷങ്ങൾ ചെറുക്കാൻ സമൂഹത്തിൽ പക്വതയുള്ള മാനസികാവസ്ഥ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്. ഉദ്യോഗസ്ഥ തലത്തിലെ ശ്രമങ്ങൾക്കോ നിയമപരമായ തീരുമാനങ്ങൾക്കോ ഇക്കാര്യത്തിൽ പൂർണ വിജയം നേടാനാവില്ല.

അതേസമയം വർഗീയത പടരാതിരിക്കുക എന്നത് ഉറപ്പുവരുത്തേണ്ടത് സർക്കാർ-ഉദ്യോഗസ്ഥ വൃന്ദമാണ്. സർക്കാർ ഉണർന്നു പ്രവർത്തിക്കുന്ന സ്ഥിതി സംജാതമാകണം. മതവികാരത്തിന് ഏൽക്കുന്ന മുറിവ് ഇല്ലാതാക്കാനും സർക്കാരാണ് ശ്രദ്ധിക്കേണ്ടത്. ഒറീസയിൽ സംസ്ഥാന സർക്കാർ നീതിയുക്തമായി പെരുമാറണം. ഇല്ലെങ്കിൽ കേന്ദ്ര സർക്കാറിന് ഇടപെടാം.

അഭിഭാഷകരുടെ ഒരു സംഘം രണ്ടു വർഷം മുമ്പ് ഒറീസ സന്ദർശിച്ചിരുന്നു. മതസ്പർധ തടയാൻ ആവശ്യപ്പെട്ട് ഒരു റിപ്പോർട്ടും സമർപ്പിച്ചിരുന്നു. അതനുസരിച്ച് സർക്കാർ പ്രവർത്തിച്ചിരുന്നെങ്കിൽ ഇപ്പോഴത്തെ സാഹചര്യം ഉടലെടുക്കുമായിരുന്നില്ല.

■ *ആദിവാസികളും ഗോത്രവർഗക്കാരും ഹിന്ദുക്കളല്ലെന്ന വാദമുണ്ടല്ലോ. അങ്ങനെയെങ്കിൽ ഹിന്ദുക്കളെ മതംമാറ്റി എന്ന സംഘ്പരിവാർ പ്രചാരണം അർഥശൂന്യമല്ലേ?*

ഹിന്ദുക്കൾ ആരാണെന്നത് സംബന്ധിച്ച് വളരെയേറെ ഗവേഷണം നടന്നിട്ടുണ്ട്. ആദിവാസി ഗോത്രവർഗക്കാർ ചില ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനാൽ ഹിന്ദു ആണെന്ന് വിവക്ഷിക്കുന്നവരുണ്ട്. എന്തൊക്കെയായാലും നിയമവിധേയമല്ലാത്ത പ്രേരണകൊണ്ടുള്ള മതംമാറ്റം തെറ്റാണ്. പണം, ഭീഷണി തുടങ്ങി പ്രേരണാ ഘടകങ്ങൾ പലതായിരിക്കാം. എത്രമാത്രം ബലപ്രയോഗത്തിലൂടെ മതം മാറ്റിയാലും ഏത് വിശ്വാസം സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നത് ബന്ധപ്പെട്ട വ്യക്തിയാണ്. ഭരണഘടന മതപ്രചാരണത്തിന് സാധുത നൽകുന്നുണ്ട്. പക്ഷേ, നിർബന്ധിത മതപരിവർത്തനം ചട്ടലംഘനമാണ്. മാനസികമോ ധനപരമോ പുറത്തുനിന്നുള്ള പ്രേരണയോ മതംമാറ്റത്തിന് ഘടകമാകാൻ പാടില്ല. ബുദ്ധിശൂന്യത കൊണ്ടും ദാരിദ്ര്യം കൊണ്ടും ഇത്തരത്തിൽ മതംമാറ്റത്തിന് വിധേയരാകുന്നവർ ഉണ്ടാകാം. ജീവിത സൗകര്യങ്ങൾ ലഭിക്കുമ്പോൾ കുറച്ചു പേർ ഇതര മതത്തിലേക്ക് ആകർഷിക്കപ്പെടുന്നതിൽ അരിശംകൊണ്ടിട്ട് കാര്യവുമില്ല. സ്വന്തം സമൂഹത്തിലെ അധഃകൃതരുടെ ഉന്നമനത്തിനായി ഒന്നും ചെലവാക്കാത്തവരാണ് ചൂഷണം ചെയ്യുന്നു എന്ന് വിലപിക്കുന്നത്.

■ *ഗുജറാത്തിൽ ഫലത്തിൽ മതംമാറ്റം തന്നെ നിരോധിക്കുന്ന ഫ്രീഡം ഓഫ് റിലീജ്യൻ ആക്ട് എന്ന കരിനിയമത്തെപറ്റി എന്തു പറയുന്നു? ഇത് ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിന് വിരുദ്ധമല്ലേ?*

മനുഷ്യാവകാശം എന്നത് മനുഷ്യന്റെ പരമപ്രധാന അവകാശമാണ്. ഗുജറാത്തിൽ പാസ്സാക്കിയ നിയമം എന്റെ കാഴ്ചപ്പാടിൽ അനാവശ്യമാണ്. ●

(*മുബൈ ഹൈക്കോടതി ജഡ്ജിയും സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനുമായിരുന്നു ജസ്റ്റിസ് സുകുമാരൻ*)